# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .T 279** — **21.06.2013- ലെ മറുപടിക്ക്**

## വിഷൻ 2030

**ചോദ്യം** — **ഉത്തരം**

ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ
,, പി.സി.ജോർജ്ജ്
ഡോ.എൻ. ജയരാജ്

**ശ്രീ. കെ.സി. ജോസഫ്**
(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'വിഷൻ 2030' നടപ്പാക്കുന്നത് സംബന്ധിച്ച് രൂപ രേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) | ഉണ്ട്. വിവിധ മേഖലകളിൽ ദീർഘകാല വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള വികസന തന്ത്രങ്ങളും മുൻകൂട്ടി തയ്യാറാക്കുകയും പ്രസ്തുത പദ്ധതികൾ യഥാസമയം നടപ്പാക്കി കേരളത്തിന്റെ സമഗ്രവികസനം സാദ്ധ്യമാക്കുകയുമാണ് വിഷൻ 2030 ന്റെ ലക്ഷ്യം. പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടില്ല. |
| (ബി) | ഏതെല്ലാം മേഖലകളാണ് ഇതിൽ ഉൾപ്പെടുന്നത്; | (ബി) | കൃഷി-അനുബന്ധ മേഖലകൾ, ഗ്രാമവികസനം, വ്യവസായം, അടിസ്ഥാനസൗകര്യം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, സാമൂഹ്യഉന്നമനം, നഗരവികസനം, വിവര സാങ്കേതിക വിദ്യ, ടൂറിസം, ജലവിഭവം, ശാസ്ത്ര - സാങ്കേതികം, ഊർജ്ജം, തൊഴിലവസര സൃഷ്ടി, കുടിയേറ്റം, ഭരണ നിർവ്വഹണം മുതലായ മേഖലകളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. |

| | | | |
|---|---|---|---|
| **(സി)** | ദീർഘകാല വികസന പദ്ധതികൾ ഓരോ ജില്ലകളുടെയും സവിശേഷതകൾക്കനുസൃതമായി രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | പ്രാദേശികമായ സവിശേഷതകൾ കണക്കിലെടുത്താണ് പദ്ധതി തയ്യാറാക്കുന്നത്. |
| (ഡി) | പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ഇതിനോടകം ഏതെല്ലാം ഏജൻസികളുമായി ആശയ വിനിമയം നടത്തിയെന്ന് അറിയിക്കുമോ? | (ഡി) | ഗവൺമെന്റ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, സീനിയർ ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ വിദഗ്ദ്ധർ, എം.എൽ.എ.മാർ, യുവജനങ്ങൾ എന്നിവരുമായി ഇതിനോടകം പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി കരട് പദ്ധതി രേഖ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ